## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 6332 — 31.10.2011 -ൽ മറുപടിയ്ക്ക്

### സാമൂഹ്യവനവത്ക്കരണവും വൃക്ഷത്തൈ വിതരണവും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) സാമൂഹ്യ വനവത്ക്കരണ പദ്ധതി നടപ്പിലാക്കുന്നത് എത് ഏജൻസിയാണ് ; ഇതിനായി എന്തു തുകയാണ് നീക്കിവെച്ചിട്ടുള്ളത് ; | എ) വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൻകീഴിൽ 14 ജില്ലകളിലെ അസിസ്റ്റന്റ് കൺസർവേറ്റർമാർ മുഖേന സ്ക്കൂൾ-കോളേജ്, പൊതുജനങ്ങൾ, പഞ്ചായത്ത്, സമൂഹ്യ സംഘടനകൾ, പത്രമാധ്യമങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ എന്നിവർ വഴി പദ്ധതി നടപ്പാക്കുന്നു. ഇതിനായി ഈ വർഷം 645.50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. |
| ബി) വഴിയോരങ്ങളിൽ മരം നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ് ; ഇതിന്റെ തുടർ പരിപാലനം ആരുടെ മേൽനോട്ടത്തിലാണ് ; വിശദമാക്കുമോ ; | ബി) വഴിയോരങ്ങളിൽ മരം നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പ് ഒരോ ജില്ലകളിലെയും സാമൂഹ്യ വനവൽക്കരണ വിഭാഗത്തിനാണ്. തുടർ പരിപാലനം വകുപ്പ് തന്നെയാണ് നടത്തുന്നത്. ഇപ്രകാരം പാതയോരങ്ങളിൽ വച്ച് പിടിപ്പിക്കുന്ന തൈകൾക്ക് ട്രീ ഗാർഡ് നിർമ്മിച്ച് സംരക്ഷിക്കുന്നു. ചില സ്ഥലങ്ങളിൽ മറ്റ് സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യുന്ന ട്രീ ഗാർഡുകളും സംരക്ഷണത്തിനായി ഉപയോഗിക്കുന്നു. |
| സി) വനം വകുപ്പ് സൗജന്യമായി ഔഷധസസ്യങ്ങളോ വൃക്ഷത്തൈകളോ വിതരണം നടത്തുന്നുണ്ടോ ; എങ്കിൽ എവിടെ നിന്നെല്ലാമാണ് ഇവ ലഭ്യമാകുന്നത് ; വിശദമാക്കുമോ ? | സി) സൗജന്യമായി സ്ക്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിൽ ഔഷധസസ്യങ്ങളും ഉൾപ്പെടുന്നു. ഒരോ ജില്ലകളിലെയും വിതരണത്തിനായി സജ്ജമാക്കിയിരിക്കുന്ന സാമൂഹ്യ വനവൽക്കരണ നഴ്സറികളിലൂടെയാണ് തൈ വിതരണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ